കുഞ്ഞേത്തിയുടെ ആത്മഗതം

ചെറുപ്പത്തിൽ കുഞ്ഞേത്തിയും ഇട്ടൂപ്പുണ്ണിയും ബലിയർപ്പിക്കുവാൻ പള്ളിയിൽ പോകുന്നതിനെ ആധാരമാക്കിയുള്ള ഒരു ധ്യാനചിന്ത

നേരം പുലരുന്നത് കാത്തു ഞാനിരുന്നു... എൻ പ്രാണനാഥനെ പുണരുവാൻ... ഉണ്ണിയെ തട്ടി, ഉണർത്തുവാൻ. തിരിഞ്ഞു നോക്കാതെ അതിവേഗം ഞാനൊരുങ്ങി, ഇറങ്ങി. കൂരിരുളാണ് ഇരുവശത്തും... ഭയമെനിക്കില്ല... എന്റെ കണ്ണിൽ എൻ പ്രാണനാഥൻ മാത്രം... ഏന്തി വലിക്കുന്ന കാലുകളെന്നെ തളർത്തുന്നില്ല...

വേദന ആഴ്ന്നിറങ്ങുമ്പോൾ ഏന്തി ഏന്തി ഞാൻ എന്റെ പ്രാണന്റെ അടുത്തേയ്ക്ക്... സഹനങ്ങളേറുമ്പോൾ കുരിശിന്റെ വഴി ഞാൻ ഓർത്തു... എന്റെ കാലിന് ഈണം കൂടുവാൻ... അതു മാത്രം മതിയായിരുന്നു...

'ഇരുളിന് ഇനിയധികം സമയമില്ല'.

ആനന്ദമേകുവാൻ എന്റെ ഉണ്ണി, ഇട്ടൂപ്പുണ്ണി അടുത്തെത്തി... ഇളം കാലുകൾ വേഗത്തിൽ സഞ്ചരിക്കുന്നു... അവന്റെ നോട്ടത്തിൽ കണ്ടു ഞാൻ ആ ചോദ്യം... ഉത്തരമായി ഞാൻ പറഞ്ഞു... 'നീ നടന്നോ ഉണ്ണീ...'

'നാഥാ ആ ഇളം കാലുകൾ തളരാതെ കാക്കണേ...

നിന്നിൽ എത്തുവാൻ...

നിന്നിൽ അലിയുവാൻ...

നീയായ് മാറുവാൻ...

പുഞ്ചിരി തൂകുവാൻ... പൂമരമാകുവാൻ...

നീ അവനെ അനുഗ്രഹിക്കൂ...'

വെളിച്ചം പരന്നു... ഞങ്ങൾ പ്രാണന്റെ അടുത്തെത്തി...,

ഫാ. റിജോ ചിറയത്ത് സി.എം.ഐ.